ഉത്തരം

(എ) സമൂഹത്തിലെ ദരിദ്രരിൽ ഏറ്റവും ദരിദ്രരായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുക എന്നതാണ് ആശ്രയ പദ്ധതിയുടെ ലക്ഷ്യം.

(ബി) 394 ഗ്രാമ പഞ്ചായത്തുകളും 7 നഗരസഭകളും ഉൾപ്പെടെ 401 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നടപ്പാക്കുന്നുണ്ട്.

(സി) ആശ്രയ പദ്ധതിയിൽ 30,887 അഗതി കുടുംബങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിന്റെ ശേഷിക്കുന്ന മാസങ്ങളിൽ 200 പഞ്ചായത്തുകളിൽകൂടി പദ്ധതി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(ഇ) ആശ്രയ പദ്ധതി ആരംഭിക്കുന്നത് 2002-03 സാമ്പത്തിക വർഷത്തിലാണ്. 2002-03, 2003-04 എന്നീ സാമ്പത്തിക വർഷങ്ങളിൽ 179 ഗ്രാമപഞ്ചായത്തുകൾ പദ്ധതി ഏറ്റെടുക്കുകയും ഈ പദ്ധതികളിലായി 14790 അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു.

റോഡ് വികസന പദ്ധതികൾക്ക് സൗജന്യമായി സ്ഥലം നൽകുന്നവർക്ക് അവശേഷിക്കുന്ന ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഇളവ്

94 [1033] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് വികസന പദ്ധതികൾക്ക് സൗജന്യമായി സ്ഥലം നൽകുന്നവർക്ക് അവശേഷിക്കുന്ന ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും ഇളവ് നൽകാറുണ്ടോ ;

(ബി) എങ്കിൽ ഇത്തരം ഇളവുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 11-ാം അദ്ധ്യായത്തിൽ (ചട്ടങ്ങൾ 79 മുതൽ 85 വരെ) കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമായിട്ടുള്ള പ്രദേശങ്ങളിൽ റോഡ് വികസന പദ്ധതികൾക്ക് സൗജന്യമായി സ്ഥലം നൽകുന്നവർക്ക് അവശേഷിക്കുന്ന ഭൂമിയിലെ നിർമ്മാണങ്ങൾക്ക് ബാധകമാക്കുന്ന പ്രത്യേക വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. 2006 ജനുവരി 5-ലെ സ.ഉ. (എം.എസ്.) നമ്പർ 4/2006/തസ്വഭ പ്രകാരം വരുത്തിയിട്ടുള്ള ഭേദഗതികളാണ് ഇപ്പോൾ പ്രാബല്യത്തിലുള്ളത്. പ്രസ്തുത ചട്ടങ്ങളുടെ പകർപ്പ് ഇതോടൊപ്പം വച്ചിട്ടുണ്ട്. †

റോഡ് വികസന പദ്ധതികൾക്ക് സൗജന്യമായി വിട്ടുകൊടുക്കുന്ന ഭൂമിയുടെ വിസ്തൃതിക്ക് ആനുപാതികമായി അവശേഷിക്കുന്ന ഭൂമിയിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ എഫ്.എ.ആർ., കവറേജ്, പാർക്കിംഗ്, സെറ്റ് ബാക്കുകൾ, ഉയരം എന്നിവയിലാണ് ആനുകൂല്യങ്ങൾ അനുവദനീയമായിട്ടുള്ളത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly